പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 254 04.06.2018-ൽ മറുപടിക്ക്

**വാഹന അപകടങ്ങളിൽ പരിക്ക് പറ്റുന്നവരുടെ ചികിത്സാ ചെലവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വാഹനാപകടങ്ങളിൽ ഗുരുതര പരിക്ക് പറ്റുന്നവർക്ക് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയാൽ ചെലവ് സർക്കാർ വഹിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) | ഇക്കാര്യത്തിൽ 02.11.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതി യോഗം തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷുറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇൻഷുറൻസുമായി ബന്ധപ്പെടുത്തി Golden Hour Period ലെ ചികിൽസാ ചിലവ് വഹിക്കുന്ന കാര്യത്തിൽ പൊതുവായ തീരുമാനം കൈക്കൊള്ളുന്നതിന് ഇൻഷുറൻസ് കമ്പനി മേധാവികളുമായി സമഗ്രമായ ചർച്ച ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയും ഫണ്ട് മാനേജ്മെന്റ് സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| ബി) | ഇത്ര സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കാർ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ; | ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കാണ് സഹായം നല്കുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ ? | സി) | ഇതിൽ പങ്കാളികളാകുന്ന സ്വകാര്യ ആശുപത്രികളുടെ പട്ടിക നിശ്ചയിച്ചിട്ടില്ലാത്തതാണ്. തീരുമാനമായിട്ടില്ല നടപടികളെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

No. P1/677353/16/ആകവ
അനുബന്ധം.

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - റോഡപകടവുമായി ബന്ധപ്പെട്ട ട്രോമാകെയർ മാനേജ്മെന്റ് - ശാസ്ത്രീയവും കാര്യക്ഷമവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി - കേന്ദ്രീകരണ സംവിധാനത്തിൽ ജി.പി.എസ് നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് RFP ക്ഷണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ (സാധാ) നം.3648/2017/ആകവ — തീയതി, തിരുവനന്തപുരം,26.12.2017

---

പരാമർശം:- 02.11.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ട്രോമാകെയർ മാനേജ്മെന്റ് വിഷയത്തിലുള്ള യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരളത്തിൽ റോഡപകടങ്ങളിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡ് അപകടങ്ങൾ വർദ്ധിച്ചു വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകട മരണ നിരക്ക് കുറച്ചു കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും എല്ലാ നിയന്ത്രിത സംവിധാനങ്ങളേയും നിഷ്ഫലമാക്കി റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മേൽ പരാമർശിച്ച യോഗത്തിൽ ബന്ധപ്പെട്ട എല്ലാവരുടേയും അഭിപ്രായം ആരായുകയും സുവ്യക്തങ്ങളായ തീരുമാനങ്ങളിൽ എത്തുകയും ചെയ്തിരുന്നു.

(2) റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ മരണത്തിനിടയാക്കുന്നത് തലയ്ക്കേൽക്കുന്ന ക്ഷതമായതിനാൽ ഇത്തരം അപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിന് ആദ്യത്തെ മണിക്കൂർ (Golden Hour) നിർണ്ണായകമാണ്. അപകടത്തിനിരയാകുന്നവരെ അപകട സ്ഥലത്തു നിന്നും മതിയായ ചികിൽസാ സംവിധാനമുള്ള ആശുപത്രിയിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം സിദ്ധിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ വിന്യസിക്കപ്പെട്ടാൽ വിലപ്പെട്ട ജീവനുകൾ രക്ഷിക്കാൻ കഴിയുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ സർക്കാർ- സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു Call Centre മുഖേന ജി.പി.എസ് നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഇതിനകം തന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കിയിട്ടുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജീവ് സദാനന്ദൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി, തിരുവനന്തപുരം.
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആഭ്യന്തര വകുപ്പ്
ധനകാര്യ വകുപ്പ്
ഗതാഗത വകുപ്പ്
വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ